## പതിമൂന്നാം കേരളനിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.332 — 08.02.2016 ന് മറുപടിയ്ക്ക്.

### വനം വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.റോഷി അഗസ്റ്റിൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇടുക്കി നിയോജക മണ്ഡലത്തിൽ വനം വകുപ്പ് മുഖേന നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇടുക്കി നിയോജക മണ്ഡലത്തിൽ വനം വകുപ്പ് മുഖേന നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശം അനുബന്ധം-1 ആയി ചേർക്കുന്നു. |
| (ബി) പ്രസ്തുത പദ്ധതിയ്ക്കായി ഓരോ വർഷവും ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയെന്നും ചെലവഴിച്ച തുക എത്രയെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ; | (ബി) ഇടുക്കി നിയോജക മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾക്ക് മാത്രമായി ബഡ്ജറ്റിൽ പ്രത്യേക തുക വകയിരുത്തിയിട്ടില്ല. വനം വകുപ്പിലെ വിവിധ ബഡ്ജറ്റ് ശീർഷകങ്ങളിൽ വകയിരുത്തിയ തുകയിൽ നിന്നും അലോട്ട്മെന്റ് ലഭിച്ച തുകകളിൽ നിന്നാണ് ചെലവ് നടത്തിയിട്ടുള്ളത്. പദ്ധതികൾക്കായി ഡിവിഷൻ തലത്തിൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും അനുബന്ധം-2 ആയി ചേർക്കുന്നു. |
| (സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ള പദ്ധതികൾ ഏതെല്ലാമെന്നും ആയതിനു വകയിരുത്തിയിട്ടുള്ള തുക എത്രയെന്നും വ്യക്തമാക്കുമോ? | (സി) <u>മൂന്നാർ ഡിവിഷൻ</u> - ഇടമലക്കുടി സമഗ്ര വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന വീടുകളിൽ 23 വീടുകളുടെ നിർമ്മാണം അവസാനഘട്ടത്തിലും 124 വീടുകളുടെ നിർമ്മാണം പ്രാരംഭ ഘട്ടത്തിലുമാണ്. ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 5 ചെക്ക്ഡാമുകളുടെ നിർമ്മാണം, ട്രെക്ക് പാത്ത് (40 കി.മീ), 1 സുരക്ഷാ ഭവൻ, 20 വാലായ്മ പുര, ഇക്കോ ഷോപ്പ്, ട്രെഞ്ച്, 10 സത്രം, കമ്യൂണിറ്റി ഹാൾ എന്നിവയുടെ നിർമ്മാണം പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. ആയതിലേക്കായി 2012-13 |

സാമ്പത്തിക വർഷത്തിൽ 130 ലക്ഷം രൂപയും 2013-14 സാമ്പത്തിക വർഷത്തിൽ 149 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. ഇടമലക്കുടി സമഗ്ര വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന പെട്ടിമുടി-ഇഡ്ഡലിപ്പാറ റോഡിന്റെ ബാക്കി ജോലികൾ തുടർന്ന് വരുന്നതുമാണ്. ആയതിലേയ്ക്കായി 135 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതുമാണ്. നബാർഡ് (RIDF) XVII Scheme-ൽ ഉൾപ്പെടുത്തി നിർമ്മിക്കുവാൻ അനുവാദം ലഭ്യമായിരുന്ന മൂന്നാർ റെയിഞ്ചിലെ പെട്ടിമുടി ഫോറസ്റ്റ് സ്റ്റേഷൻ കോംപ്ലക്സിൽ ഉൾപ്പെടുത്തിയിരുന്ന ഫോറസ്റ്റ് സ്റ്റേഷൻ ബിൽഡിംഗ്, ഡെപ്യൂട്ടി റെയിഞ്ചർ ക്വാർട്ടേഴ്സ്, തൊണ്ടി ഷെഡ് എന്നിവയുടെ ജോലികൾ ഇനിയും പൂർത്തീകരിച്ചിട്ടില്ലാത്തതുമാണ്.

ഇടുക്കി സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ - പദ്ധതികൾ പ്രകാരമുള്ള തൈകളുടെ ഉത്പാദനവും വിതരണവും എല്ലാ വർഷങ്ങളിലും സമയബന്ധിതമായി പൂർത്തിയാക്കി-യിട്ടുള്ളതാണ്.

സെക്ഷൻ ഓഫീസർ.

# അനുബന്ധം 1

**കോതമംഗലം ഡിവിഷൻ**

1. തൊടുപുഴ റെയിഞ്ചിലെ മണിയാറൻകുടിയിൽ ആന്റി പോച്ചിംഗ് ക്യാമ്പ് ഷെഡിന്റെ നിർമ്മാണം.
2. തൊടുപുഴ റെയിഞ്ചിലെ വട്ടക്കുളംതൊട്ടി ഭാഗത്ത് ഫലമരങ്ങളുടെ പ്ളാന്റേഷൻ.
3. തൊടുപുഴ റെയിഞ്ചിലെ മക്കുവള്ളിയിൽ സൗരോർജ്ജ വേലി നിർമ്മാണം
4. തൊടുപുഴ റെയിഞ്ചിലെ വലിയമാവ് സെറ്റിൽമെന്റിൽ ചെകുത്താൻപാറ ഭാഗത്ത് റോഡ് കോൺക്രീറ്റ്.
5. തൊടുപുഴ റെയിഞ്ചിലെ മനയത്തടത്ത് സൗരോർജ്ജ വേലി നിർമ്മാണം.
6. തൊടുപുഴ റെയിഞ്ചിലെ പാറമടയിൽ 25 ഹെക്ടർ ഔഷധത്തോട്ട നിർമ്മാണം.
7. തൊടുപുഴ റെയിഞ്ചിലെ വെൺമണി ഭാഗത്ത് കെട്ടിടനിർമ്മാണം.

**കോട്ടയം ഡിവിഷൻ**

1. അയ്യപ്പൻകോവിൽ റെയിഞ്ചിൽ 2013-14 വർഷത്തിൽ കട്ടപ്പന സെക്ഷൻ പരിധിയിൽ വരുന്ന വട്ടക്കാനം ഭാഗത്ത് ജനവാസമേഖലയുമായി ബന്ധപ്പെട്ട് കിടക്കുന്ന വനാതിർത്തിയിൽ വന്യമൃഗങ്ങളിൽ നിന്നും സംരക്ഷണം ലഭിക്കുന്നതിനായി സൗരോർജ്ജ വേലി നിർമ്മാണം.

2. അയ്യപ്പൻകോവിൽ റെയിഞ്ചിൽ 2014-15 വർഷത്തിൽ കട്ടപ്പന സെക്ഷൻ പരിധിയിൽ വരുന്ന വാഴവര - കവന്തി ഭാഗത്ത് 108 മീ. നീളത്തിൽ ആന പ്രതിരോധ മതിൽ നിർമ്മാണം.

3. അയ്യപ്പൻകോവിൽ റെയിഞ്ചിൽ 2014-15 വർഷത്തിൽ കട്ടപ്പന സെക്ഷൻ പരിധിയിൽ വരുന്ന അഞ്ചുരുളി മേഖലയിൽ 220 മീ. നീളത്തിലും നാരകക്കാനം മേഖലയിൽ 225മീ. നീളത്തിലും നാരകക്കാനം കുരിശുമല ഭാഗത്ത്-90 മീ. നീളത്തിലും വനാതിർത്തിയിൽ കയ്യാലനിർമ്മാണം.

4. അയ്യപ്പൻകോവിൽ റെയിഞ്ചിൽ 2014-15 വർഷത്തിൽ കട്ടപ്പന സെക്ഷൻ പരിധിയിൽ വരുന്ന കാൽവരിമൗണ്ട് ഭാഗത്ത് ഇക്കോ ടൂറിസം പദ്ധതി.

5. നഗരംപാറ റെയിഞ്ചിൽ വൈരമണി ഫോറസ്റ്റ് സ്റ്റേഷന് വേണ്ടി കുളമാവ് ഭാഗത്ത് മോഡൽ ഫോറസ്റ്റ് സ്റ്റേഷൻ കെട്ടിടം.
6. നഗരംപാറ റെയിഞ്ചിൽ വൈരമണി ഫോറസ്റ്റ് സ്റ്റേഷനു വേണ്ടി കുളമാവ് ഭാഗത്ത് ഡെപ്യൂട്ടി റെയിഞ്ച് ഓഫീസർ ക്വാർട്ടേഴ്സ് നിർമ്മാണം.
7. നഗരംപാറ റെയിഞ്ചിൽ വൈരമണി സ്റ്റേഷൻ പരിധിയിൽ 2014-15 വർഷത്തിൽ പള്ളിക്കത്തോട് - ഉളുപ്പൂണി ഭാഗത്ത് ചെക്ക് ഡാം നിർമ്മാണം.
8. നഗരംപാറ റെയിഞ്ചിൽ വാഴത്തോപ്പ് സ്റ്റേഷന് കീഴിൽ 2014-15 വർഷത്തിൽ കല്ലേമാടം ഭാഗത്ത് ചെക്ക് ഡാം നിർമ്മാണം.
9. നഗരംപാറ റെയിഞ്ചിൽ വൈരമണി ഫോറസ്റ്റ് സ്റ്റേഷനു വേണ്ടി കുളമാവ് ഭാഗത്ത് 2012-13, 2013-14, 2014-15 വർഷങ്ങളിലായി തൊണ്ടി ഷെഡ് നിർമ്മാണം.

10. നഗരംപാറ റെയിഞ്ചിൽ വൈരമണി ഫോറസ്റ്റ് സ്റ്റേഷൻ റോഡ് 2013-14 വർഷത്തിൽ മെറ്റലിംഗ്.

11. നഗരംപാറ റെയിഞ്ചിൽ വാഴത്തോപ്പ് സ്റ്റേഷൻ ബാരക്ക് നിർമ്മാണം.

12. നഗരംപാറ റെയിഞ്ചിൽ കൊക്കരക്കുളം- നൂറ്റിയപ്പൻഭാഗത്ത് 4 കി.മി. ദൂരത്തിൽ വൈദ്യുതവേലിയുടെ നിർമ്മാണം

13. നഗരംപാറ റെയിഞ്ചിൽ വൈരമണി ഫോറസ്റ്റ് സ്റ്റേഷനു വേണ്ടി കുളമാവ് ഭാഗത്ത് ബാച്ചിലേഴ്സ് ക്വാർട്ടേഴ്സ് നിർമ്മാണം.

14. നഗരംപാറ റെയിഞ്ചിൽ വൈരമണി സ്റ്റേഷന് കീഴിൽ കപ്പക്കാനം ഒ.പി. ബാരക്ക് നിർമ്മാണം.

**<u>മൂന്നാർ ഡിവിഷൻ</u>**

1. ഇടമലക്കുടി സമഗ്രവികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഇടമലക്കുടിയിൽ 103 വീടുകളുടെ നിർമ്മാണം
2. ഇടമലക്കുടി സമഗ്രവികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന പെട്ടി മുടി - ഇഡ്ഡലിപ്പാറ റോഡിന്റെ (7.2 കി.മീ.) എർത്ത് വർക്ക്, കല്ലുപാകൽ.
3. നബാർഡ് (RIDF) XVII Scheme -ൽ ഉൾപ്പെടുത്തി മൂന്നാർ റെയിഞ്ചിൽ പെട്ടി മുടി മോഡൽ ഫോറസ്റ്റ് സ്റ്റേഷൻ നിർമ്മാണം.
4. ജീവനക്കാരുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നേര്യ മംഗലം റെയിഞ്ചിന് കീഴിലുള്ള വാളറയിൽ 2 ടൈപ്പ് - II ക്വാർട്ടേഴ്സുകളും, അടിമാലി റെയിഞ്ചിന് കീഴിലുള്ള പെരിഞ്ചാംകുട്ടിയിൽ സെക്ഷൻ ഓഫീസ് കെട്ടിടവും, ദേവികുളം റെയിഞ്ചിൽ 2 ടൈപ്പ് - II ക്വാർട്ടേഴ്സുകളും ഒരു ഡോർമിറ്ററിയും നിർമ്മാണം.

**<u>ഇടുക്കി, സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ</u>**

വൃക്ഷവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി തൈകൾ ഉത്പാദി പ്പിച്ച് വിതരണം നടത്തുന്ന വിവിധ പദ്ധതികളാണ് ഇടുക്കി സോഷ്യൽഫോ റസ്ട്രി ഡിവിഷനിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പാ ക്കിയിട്ടുള്ളത്. 'എന്റെ മരം' പദ്ധതിയുടെ ഭാഗമായി സ്ക്കൂൾ വിദ്യാർത്ഥി കൾക്കും 'നമ്മുടെ മരം' പദ്ധതിയിൽ കോളേജ് വിദ്യാർത്ഥികൾക്കും, കൂടാതെ പഞ്ചായത്തുകൾ/സന്നദ്ധസംഘടനകൾ/യുവജന സംഘടനകൾ/മാധ്യമങ്ങൾ എന്നിവ വഴി പൊതുജനങ്ങൾക്കും ഇപ്രകാരം വൃക്ഷതൈകൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ പാതയോരങ്ങളിൽണ വൃക്ഷവത്ക്കരണം നടത്തുന്ന വഴിയോര തണൽ പദ്ധതിയും 27 ഇനം വൃക്ഷങ്ങൾ ഉൾപ്പെടുന്ന 'നക്ഷത്ര വനം പദ്ധതിയും' നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതികൾക്കെല്ലാമായി ഉദ്ദേശം 3 ലക്ഷ ത്തോളം തൈകൾ ഉത്പാദിപ്പിച്ച് എല്ലാവർഷവും വിതരണം ചെയ്തുവരുന്നു. ഇടുക്കി നിയോജക മണ്ഡലത്തിലും മേല്പറഞ്ഞ പദ്ധതിയുടെ ഭാഗമായി തൈ വിതരണം എല്ലാ വർഷവും നടപ്പിലാക്കിയിട്ടുണ്ട്. ശരാശരി നാല്പത്തയ്യാ യിരം തൈകൾ ഓരോ വർഷത്തിലും ഇടുക്കി നിയോജക മണ്ഡലത്തിൽ വിത രണം ചെയ്തിട്ടുണ്ട്.

**<u>ഇടുക്കി വൈൽഡ് ലൈഫ് ഡിവിഷൻ</u>**

ഈ സർക്കാർ അധികാരമേറ്റ ശേഷം ഇടുക്കി നിയോജക മണ്ഡലത്തിലെ ഇടുക്കി ജലാശയത്തിൽ ടൂറിസ്റ്റ് ബോട്ടിംഗ് നടത്തുന്നതിനായി 20 പേരുടെ കപ്പാസിറ്റിയുള്ള ഒരു ബോട്ടും ഒരു ഫ്ളോട്ടിംഗ് ബോട്ട് ജെട്ടി എന്നിവ വാങ്ങി സഞ്ചാരികൾക്കായി ബോട്ടിംഗ് ആരംഭിച്ചു. കൂടാതെ വെള്ളാപ്പാറയിൽ ടിക്കറ്റ് കൗണ്ടർ ഇക്കോ ഷോപ്പ് എന്നിവ പ്രവർത്തനക്ഷമമാക്കി.

## അനുബന്ധം 2

**കോതമംഗലം ഡിവിഷൻ**

1. തൊടുപുഴ റെയിഞ്ചിലെ മണിയാറൻകുടിയിൽ ആന്റി പോച്ചിംഗ് ക്യാമ്പ് ഷെഡിന്റെ നിർമ്മാണം
   അനുവദിച്ച തുക 1.50 ലക്ഷം; ചെലവഴിച്ചതുക -1.39 ലക്ഷം.
2. തൊടുപുഴ റെയിഞ്ചിലെ വട്ടക്കുളംതൊട്ടി ഭാഗത്ത് ഫലമരങ്ങളുടെ പ്ളാന്റേഷൻ
   അനുവദിച്ച തുക -6.4 ലക്ഷം; ചെലവഴിച്ചതുക -6.312 ലക്ഷം.
3. തൊടുപുഴ റെയിഞ്ചിലെ മക്കുവള്ളിയിൽ സൗരോർജ്ജ വേലി നിർമ്മാണം
   അനുവദിച്ച തുക 10 ലക്ഷം; ചെലവഴിച്ച തുക -9.96 ലക്ഷം.
4. തൊടുപുഴ റെയിഞ്ചിലെ വലിയമാവ് സെറ്റിൽമെന്റിൽ ചെകുത്താൻപാറ ഭാഗത്ത് റോഡ് കോൺക്രീറ്റ്.
   അനുവദിച്ച തുക-0.67 ലക്ഷം; ചെലവഴിച്ച തുക- 0.66 ലക്ഷം.
5. തൊടുപുഴ റെയിഞ്ചിലെ മനയത്തടത്ത് സൗരോർജ്ജ വേലി നിർമ്മാണം
   അനുവദിച്ച തുക 3.50 ലക്ഷം; ചെലവഴിച്ച തുക -3.38 ലക്ഷം.
6. തൊടുപുഴ റെയിഞ്ചിലെപാറമടയിൽ 25 ഹെക്ടർ ഔഷധത്തോട്ട നിർമ്മാണം
   അനുവദിച്ച തുക -5.7 ലക്ഷം; ചെലവഴിച്ച തുക - 5.572 ലക്ഷം.
7. തൊടുപുഴ റെയിഞ്ചിലെ വെൺമണി ഭാഗത്ത് കെട്ടിടനിർമ്മാണം
   അനുവദിച്ച തുക - 12 ലക്ഷം; ചെലവഴിച്ചതുക -12.057 ലക്ഷം.

---

**മൂന്നാർ ഡിവിഷൻ**

1. ഇടമലക്കുടി സമഗ്രവികസന പദ്ധതിക്കായി Phase - I ന് വേണ്ടി 2012-13 വർഷത്തിൽ 433 ലക്ഷവും, 2013-14 വർഷത്തിൽ 602 ലക്ഷവും വകയിരുത്തിയിരുന്നു. ആയതിൽ 433 ലക്ഷം രൂപ ലഭ്യമായിട്ടുള്ളതും, ഇടമലക്കുടിയിൽ 103 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതും, ടി വീടുകളുടെ നിർമ്മാണ ചിലവിലേയ്ക്കായി 301.16 ലക്ഷം രൂപ ചിലവഴിച്ചിട്ടുള്ളതുമാണ്.

2. ഇടമലക്കുടി സമഗ്രവികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന പെട്ടിമുടി - ഇടമലക്കുടി റോഡിന്റെ നിർമ്മാണത്തിനായി 51.69 ലക്ഷം രൂപ ചിലവഴിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി 2013-14 സാമ്പത്തിക വർഷം 187 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

3. നബാർഡ് (RIDF) XVII Scheme -ൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള മൂന്നാർ റെയിഞ്ചിലെ പെട്ടിമുടി മോഡൽ ഫോറസ്റ്റ് സ്റ്റേഷന് (ബാച്ചിലർ ക്വാർട്ടേഴ്സ്) വേണ്ടി 43.39 ലക്ഷം ചിലവഴിച്ചിട്ടുണ്ട്. മൂന്നാർ റെയിഞ്ചിലെ പെട്ടിമുടിയിൽ ഫോറസ്റ്റ് സ്റ്റേഷൻ കോംപ്ലക്സ് നിർമ്മിക്കുന്നതിലേയ്ക്കായി 2011-12 സാമ്പത്തിക വർഷത്തിൽ 131.39 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

4. അടിമാലി റെയിഞ്ചിന് കീഴിലുള്ള പെരിഞ്ചാംകുട്ടിയിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസ് കെട്ടിടം നിർമ്മിച്ച വകയിൽ 10.47 ലക്ഷം രൂപ ചിലവ ഴിച്ചിട്ടുണ്ട്. ടി ബിൽഡിംഗിന്റെ നിർമ്മാണത്തിലേയ്ക്കായി 2011-12 വർഷം 11 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

5. ദേവികുളം റെയിഞ്ചിൽ 2 ടൈപ്പ് - കക ക്വാർട്ടേഴ്സുകളുടെ നിർമ്മാണ ത്തിന് വേണ്ടി 20 ലക്ഷം രൂപയും ഡോർമിറ്ററിയുടെ നിർമ്മാണത്തിന് വേണ്ടി 15 ലക്ഷം രൂപയും ചിലവഴിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി 201314 -ൽ 36 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

**ഇടുക്കി വൈൽഡ് ലൈഫ് വാർഡൻ**

പ്രസ്തുത ഇടുക്കി ജലാശയത്തിൽ ടൂറിസ്റ്റ് ബോട്ടിംഗ് പദ്ധതിക്കായി 2015-16 വർഷത്തിൽ 32.10 ലക്ഷം രൂപ അനുവദിക്കുകയും 31.02 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.

**ഇടുക്കി സോഷ്യൽഫോറസ്ട്രി ഡിവിഷൻ**

ഇടുക്കി സോഷ്യൽഫോറസ്ട്രി ഡിവിഷനിലേക്ക് വിവിധ പദ്ധതികളി ലായി ഓരോ വർഷവും ബജറ്റിൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയുടേയും വിവരം ചുവടെ ചേർക്കുന്നു.

| വർഷം | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 2011-12 | 43.0 | 41.98 |
| 2012-13 | 57.17 | 57.07 |
| 2013-14 | 46.0 | 43.23 |
| 2014-15 | 84.5 | 83.4 |
| 2015-16 | 68 | 30.92 (31.01.16 വരെ) |